കർഷക തൊഴിലാളി പെൻഷൻ വിതരണത്തിൽ അനാസ്ഥ ഉണ്ടാകുന്നതായി പരാതി

274 [589] ഡോക്ടർ കെ. സി. ജോസഫ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകതൊഴിലാളി പെൻഷൻ വിതരണത്തിൽ ഗവൺമെൻറിന്റെ ഭാഗത്ത് അനാസ്ഥ ഉണ്ടാകുന്നതായി പരാതി ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) കർഷക തൊഴിലാളി പെൻഷൻ വിതരണത്തിൽ കാലതാമസം ഉണ്ടാകാൻ ഇടയായതിന്റെ കാരണങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) 1984-85-ൽ അവസാനമുള്ള രണ്ടു ഗഡുക്കളിലെ പെൻഷൻ വിതരണത്തിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. 1984-85 വർഷത്തിൽ എല്ലാ പെൻഷൻകാർക്കും പൂർണ്ണമായി പെൻഷൻ കൊടുത്തു തീർക്കുന്നതിന് ആവശ്യമായ ഫണ്ട് ആ വർഷത്തിൽ ലഭ്യമായിരുന്നില്ല. 1985-86-ലേക്ക് 13.95 കോടി രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്നുവെങ്കിലും വോട്ട് ഓൺ അക്കൗണ്ട് പ്രകാരം 4 മാസത്തേക്ക് 4.65 കോടി രൂപ വരെ ചെലവാക്കാൻ മാത്രമേ അനുമതി ഉണ്ടായിരുന്നുള്ളൂ. ധനാഭ്യർത്ഥന മുഴുവനായി പാസായശേഷം [illegible] 6/85 വരെയുള്ള പെൻഷൻ തുക ജില്ലാ ലേബർ ഓഫീസർമാർക്ക് [illegible] ഞ്ഞിട്ടുള്ളൂ. 12-4-85-ൽ 4,34,24,600 രൂപയും 3-7-85-ലും 5-8-85-ലുമായി 48,18,200 രൂപയും പെൻഷൻ വിതരണത്തിനായി ജില്ലാ ലേബർ [illegible]സർമാരെ ഏൽപ്പിച്ചുകഴിഞ്ഞിട്ടുണ്ട്. അതിനുശേഷം [illegible] രുടെ സമരവും ഓണക്കാലവധിയും പെൻഷൻ വിതരണത്തിൽ [illegible]ഗികമായ കാലതാമസത്തിന് കാരണമായിട്ടുണ്ട്.

സംസ്ഥാനത്തെ ഖാദി നൂൽപ്പുകാരും നെയ്ത്തുകാരും

275 [590] ശ്രീ. എ. സി ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് ഖാദി നൂൽപ്പുകാർ, ഖാദി നെയ്ത്തുകാർ എന്നിവർ എത്ര വീതമുണ്ടെന്നു സംബന്ധിച്ച് വല്ല കണക്കും സംസ്ഥാന തൊഴിൽ വകുപ്പ് രേഖരിച്ചിട്ടുണ്ടോ?;

(ബി) ഇല്ലെങ്കിൽ രേഖരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

ഉത്തരം

(എ) ഇല്ല.

(ബി) ആവശ്യം വരുന്നപക്ഷം ചെയ്യാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly